


# ഞാൻ അറിയുന്ന പ്രവാചകൻ

**സക്കറിയ**

**ഇസ്‌ലാമിക** ദർശനത്തെ വളരെ ഉപരിപ്ലവമായ വായനയിൽക്കൂടി അൽപമെന്തോ മാത്രം മനസ്സിലാക്കിയിട്ടുള്ള ഒരുവനാണ് ഞാൻ. ആ അൽപജ്ഞാനം കൊണ്ടായിരിക്കണം, ചേകന്നൂർ മൗലവിയുടെ ചില വീക്ഷണങ്ങളുമായി, എന്റെ, വളരെ ഇസ്‌ലാം- ബാഹ്യവും വെറും വായനക്കാരൻ എന്ന രീതിയിലുള്ളതുമായ നിലപാടിൽനിന്നുകൊണ്ട് ഞാൻ വിയോജിക്കുന്നുണ്ട്. ഇന്നദ്ദേഹം ഉണ്ടായിരുന്നെങ്കിൽ പ്രസന്നമായും സമർഥമായും എന്നെ ഖണ്ഡിച്ച് നിശ്ശബ്ദനാക്കുമായിരുന്നു എന്നറഇയാം.



എന്റെ വിയോജനം മൗലവി ഹദീസുകളോട് പ്രകടിപ്പിച്ച എതിർപ്പിനോടാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഹദീസുകൾ വായ്മൊഴിയും കേട്ടുകേൾവികളും അങ്ങിമിങ്ങും നിന്ന് പെറുക്കിയെടുത്ത പൊട്ടും പൊടിയുമായതുകൊണ്ട് അവ ഖുർആന്റെ യഥാർഥ പഠനങ്ങളെ വളച്ചൊടിക്കാൻ പലരെയും സഹായിച്ചു. ഇസ്‌ലാം ജീവിതത്തിൽ വന്നുചേർന്നിട്ടുള്ള പല മലിനീകരണങ്ങളും, ഹദീസുകളുടെ സ്വാധീനത്തിലേക്കാണ്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കൈചൂണ്ടുന്നത്, അദ്ദേഹത്തെപ്പോലെയൊരു പണ്ഡിതന്റെ ചിന്ത

യോട് സിദ്ധാന്തതലത്തിൽ വിയോജിക്കാൻ എനിക്ക് യാതൊരു ശേഷിയുമില്ല. പക്ഷേ, ഞാൻ ഹദീസുകളെ പിന്തുണക്കുന്നത്, അവയിലൂടെയാണ് മുഹമ്മദ് എന്ന മഹാനായ പ്രവാചകനെ മാത്രമല്ല, മുഹമ്മദ് എന്ന മഹാനും അസാധാരണനുമായ മനുഷ്യനെ ഞാൻ കണ്ടെത്തിയത് എന്നതിനാലാണ്.

ഖുർആൻ മാത്രം വായിച്ച് എനിക്ക് ഇസ്‌ലാമുമായോ മുഹമ്മദ് പ്രവാചകനുമായോ മാനുഷികമായ അടുപ്പവും ചായ്‌വും സ്നേഹവും ആദരവുമം ഉണ്ടാകുമയിരുന്നു എന്ന് തോന്നുന്നില്ല. എം.എൻ കാരശ്ശേരി മലയാളത്തിലാക്കിയ ഹദീസുകളാണ് ഞാൻ ആദ്യം വായിച്ചത്. പിന്നെ മൂലഗ്രന്ഥങ്ങൾ പലതും വായിച്ചുതീർത്തു. അപ്പോളാണ്, നമ്മെപ്പോലെ വെയില് കൊണ്ടും, തണുത്തുവിയർത്തും വിശന്നും വലഞ്ഞും സങ്കടപ്പെട്ടും ദേഷ്യപ്പെട്ടും സ്നേഹിച്ചും ജീവിച്ച ഒരു മനുഷ്യൻ– അതേ സമയം, നമ്മെപ്പോലെയല്ലാതെ, പ്രപഞ്ചത്തിലേക്ക് ഹൃദയം പറത്തിവിട്ട ഒരു മനുഷ്യൻ– ഒരു ജീവിക്കുന്ന പ്രവാചകൻ; അങ്ങനെയൊരാളെ തിരിച്ചറിഞ്ഞത്. മുണ്ടുടുക്കുന്നതിന്റെ നീളം മുതൽ, മൂത്രമൊഴിക്കുന്ന രീതി വരെയും പ്രാർഥനയുടെ ആവശ്യം മുതൽ ഈശ്വരന്റെ സ്വഭാവം വരെയും ഒരു പ്രാകൃത ജനതയെ പറഞ്ഞു പഠിപ്പിച്ച് അവരെ സംസ്കാര പാതയിലേക്ക് നയിച്ച ഒരു അതിമാനുഷനെ ഞാൻ ഹദീസുകളിൽ കണ്ടുപിടിച്ചു. പിന്നീട് ഖുർആൻ വായിച്ചപ്പോൾ എനിക്കതിനോട് കൂടുതൽ അടുക്കാൻ കഴിഞ്ഞു.

യേശുവിന് ലഭിച്ച ഭാഗ്യം, നാലു സുവിശേഷകന്മാരും ഏതാണ്ട് ഒരുപോലെ, യേശുവിനെ അദ്ദേഹത്തിന്റെ വാക്കുകളിലൂടെയെന്ന പോലെത്തന്നെ പ്രവൃത്തികളിലൂടെയും അവതരിപ്പിച്ചു എന്നതാണ്. യോഹന്നാൻ എന്ന സുവിശേഷകൻ മാത്രമേ തന്റെ സുവിശേഷത്തിൽ ആധുനികോത്തര നിഗൂഢതകളും പൈങ്കിളിയും പ്രയോഗിച്ച് നമ്മെ വലക്കുന്നുള്ളൂ.യേശു സർവസമ്മതനായിത്തീരുന്നത് മതപ്രചാരകരുടെ വൈദഗ്ധ്യം മൂലം മാത്രമാണെന്ന് ഞാൻ കരുതുന്നില്ല. സുവിശേഷങ്ങളിൽ കൂടി ചോർന്നുവരുന്ന സവിശേഷ വ്യക്തിത്വം കൂടിയാണ്,ആശാരിത്തൊഴിലുപേക്ഷിച്ച് അലഞ്ഞുതിരിയാൻ പോയ ആ യുവാവിനെ നമുക്ക് ഇഷ്ടപ്പെടുത്തുന്നത്.

ചേകന്നൂർ മൗലവിയുമായുള്ള എന്റെ വിയോജിപ്പ് ദൈവശാസ്ത്രപരമല്ല എന്ന് ഞാൻ പറയേണ്ടതില്ല. ദൈവശാസ്ത്ര പണ്ഡിതനായ അദ്ദേഹം പറയുന്നതിനെ മറുത്തു പറയുന്നതിനെപ്പറ്റി എനി്കക് ചിന്തിക്കാൻ പോലും വയ്യ.

മുഹമ്മദിനെയും യേശുവിനെയും നാരായണഗുരുവിനെയും ഗാന്ധിയെയും പോലെയുള്ള പ്രാവചകന്മാരുടെ ഒരു തൽപരനിരീക്ഷകൻ എന്ന നിലക്ക് എനിക്ക് തോന്നിയിട്ടുള്ളത്ഇതാണ്: ഹദീസുകളിലെ ജീവിക്കുന്ന മുഹമ്മദിനെ, ബൈബിളിലെ യേശുവിനെപ്പോലെയും ഭാഗവതത്തിലെ കൃഷ്ണനെപ്പോലെയും മനുഷ്യസമൂഹമധ്യേ അവതരിപ്പിച്ചിരുന്നെങ്കിൽ, ഇസ്‌ലാമിന് ഇന്നത്തേതിൽ പതിന്മടങ്ങ് സുഹൃത്തുക്കളുണ്ടാകുമായിരുന്നു. ഇന്നത്തേടത്തോളം അത് തെറ്റിദ്ധരിക്കപ്പെടില്ലായിരുന്നു. അത്രമാത്രം വ്ക്തിഗത കാന്തശക്തി പൊട്ടിപ്പുറപ്പെട്ട് നിൽക്കുന്ന ഒരു മനുഷ്യത്വമാണ് പ്രവാചകന്റേത്. ഖുർആനിലെ പ്രവചനങ്ങളെപ്പോലെ തന്നെ പ്രധാനമായ ഒരു ഇസ്‌ലാമിക സത്തയാണ് മുഹമ്മദ് എന്ന സരസനും ധിക്കാരിയും എളിയമയാർന്നവനും മുൻകോപിയും മൃദുലഹൃദയനും ഒക്കെയായ മനുഷ്യൻ പ്രവാചകൻ ഒരു ഗുഹയിലിരുന്ന് തന്റെ സന്ദേശം സമൂഹത്തിലേക്ക് കൊടുത്തുവിടുക മാത്രം ചെയ്യുകയായിരുന്നുവെങ്കിൽ, സ്വയം സമൂഹമധ്യത്തിലേക്ക് പ്രവേശിക്കാൻ തീരുമാനിച്ചില്ലായിരുന്നെങ്കിൽ ഇസ്‌ലാമെന്ന് ഇന്ന് നാമറിയുന്ന ചരിത്രസംഭവം ചുരുളഴിയു

മായിരുന്നോ എന്നെനിക്ക് സംശയമുണ്ട്. ഖുർആൻ എന്ന വിശിഷ്ട ഗ്രന്ഥത്തിന് പിന്നിൽ മുഹമ്മദ് എന്ന, ആരും സ്നേഹിച്ചുപോവുന്ന മനുഷ്യൻ ഒളിപ്പിക്കപ്പെട്ടു. അത് ഇസ്‌ലാമിനും മനുഷ്യചരിത്രത്തിനും ഒരു നഷ്ടമായി എന്നാണ് ഒരു വിദൂര വീക്ഷകനായ എന്റെ അപക്വമായ അഭിപ്രായം.

യേശുവിനെയും രാമനെയും കൃഷ്ണനെയും വിൽക്കുന്നപോലെ ചിത്ര സഹിതവും ചിത്രകഥാസഹിതവും, കട്ട്–ഔട്ടുകളിലൂടെയും പ്രവാചകനെയും വിൽക്കണമെന്നല്ല പറയുന്നത്. നാരായണഗുരുവിന് സംഭവിച്ച നിർഭാഗ്യം പോലെ, ഓരോ മുക്കിലെയും കണ്ണാടിക്കൂട്ടിലെ പ്രതിമയാക്കിത്തീർക്കണമെന്നല്ല എന്റെ ആശയം. മുഹമ്മദ് എന്ന മനുഷ്യനെക്കൂടി, അദ്ദേഹത്തിന്റെ ആധ്യാത്മിക സന്ദേശത്തോടൊപ്പം തന്നെ ഇസ്‌ലാമിക ലോകത്തിന് അനുഭവവേദ്യമാക്കുക. ഹദീസുകളിലൂടെ പുരോഹിതരും പണ്ഡിതരും പ്രവാചക പഠനങ്ങളെ വളച്ചൊടിച്ചതിനേക്കാളേറെ, ഒരുപക്ഷേ, പ്രവാചകന്റെ വ്യക്തിത്വത്തെ സമ്പൂർണമായി പാരമ്പര്യം തമസ്കരിച്ചതിന്റെ ശൂന്യതയിലേക്കാണ്, കള്ളനാണയങ്ങൾ കയറിക്കൂടിയത്. ■